01/12/21



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No.679(6)/2020/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*14149/എസ്.ഐ.സി-ജി 5/2020*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| Sri. Joseph Haris Richard,<br>St. Thomas School,<br>Gautham Nagar, Chandauli P.O.,<br>PIN -232104 | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>ജില്ലാ രജിസ്ട്രാർ (ജനറൽ) ആഫീസ്,<br>മൂന്നാംനില, സിസി 40/1017,<br>പെരുമ്പിള്ളി ബിൽഡിംഗ്,<br>മഹാരാജാസ് കോളേജ് ഗ്രൗണ്ടിന് എതിർവശം,<br>ഹെഡ് പോസ്റ്റാഫീസ് പി.ഒ.,<br>എറണാകുളം-682 011 | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 19.10.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 23.11.2020 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 09.12.2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 01.01.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 12.01.2021 |
| ഹിയറിംഗ് തീയതി | 02.11.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായില്ല |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ജോസഫ് ഹാരിസ് റിച്ചാർഡ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ യാതൊരു മറുപടിയും ലഭ്യമായിട്ടില്ലെന്നും ആയതിനാൽ കമ്മീഷൻ മറുപടി ലഭ്യമാക്കാൻ ഉചിതമായ നടപടി കൈക്കൊളളണമെന്നുമാണ്.

2. ഹർജിക്കാരൻ 19.10.2020 ന് സബ് രജിസ്ട്രാർ ഓഫീസ്, എറണാകുളം മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, MIRTI-2968/2020 കെന്റ് മഹൽ ഓണേഴ്സ് അസോസിയേഷൻ എന്ന പേരിൽ ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുളള സൊസൈറ്റിയുമായി ബന്ധപ്പെട്ട വിവരങ്ങളാണ്. ആയതിന് എതിർകക്ഷി മറുപടി നൽകിയിട്ടുളളതായി കാണുന്നില്ല.

3. സബ് രജിസ്ട്രാർ ഓഫീസ്, എറണാകുളം കമ്മീഷൻ മുമ്പാകെ 16.01.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ഹർജികക്ഷിയുടെ അപേക്ഷ ഫയലിൽ സ്വീകരിച്ച് തുടർനടപടികൾ കൈക്കൊളളുകയും ടി അപേക്ഷ ജില്ലാ രജിസ്ട്രാർ (ജനറൽ) ആഫീസിന്റെ പരിധിയിൽ ഉൾപ്പെട്ടു വരുന്ന വിഷയമായതിനാലും ടി ആഫീസിന്റെ പരിധിയിൽ വരാത്തതിനാലും തുടർനടപടിക്കായി ജില്ലാ രജിസ്ട്രാർ (ജനറൽ) ആഫീസിലേക്ക് അയച്ചു നൽകിയിട്ടുളളതാണെന്നും ടി വിവരം ഹർജികക്ഷിയെ 02.12.2020 ൽ ടിയാന്റെ താൽക്കാലിക വിലാസത്തിലും സ്ഥിര വിലാസത്തിലും അയച്ചിട്ടുളളതാണെന്നും എന്നാൽ സ്ഥിര വിലാസത്തിൽ അയച്ച കത്ത് കൈപ്പറ്റാതെ ടി ഓഫീസിൽ തിരികെ ലഭ്യമായിയെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 19.10.2020 തീയതിയിലെ വിവരാവകാശ അപേക്ഷ എതിർകക്ഷി 27.10.2020 ജില്ലാ രജിസ്ട്രാർ (ജനറൽ) ആഫീസിലേയ്ക്ക് 6(3) പ്രകാരം അയച്ചു നൽകിയതായും ആയതിന് ജില്ലാ രജിസ്ട്രാർ (ജനറൽ) ആഫീസിൽ നിന്നും

04.11.2020 ൽ ഹർജിക്കാരന് മറുപടി ലഭ്യമാക്കിയതായും കാണുന്നു. ടി മറുപടിയിൽ പകർപ്പുകൾ കൈപ്പറ്റുന്നതിന് വിവരാവകാശ നിയമപ്രകാരം ഫീസ് അടക്കാൻ നിർദ്ദേശിച്ചിരിക്കുന്നതായും കാണുന്നു. ടിയാന് 05.11.2020, 24.11.2020, 02.12.2020, 08.01.2021 (Registered with AD) ആയും ടി മറുപടി അയച്ചു നൽകിയ കത്തുകൾ കൈമാറാതെ മടങ്ങിയതായി എതിർകക്ഷി മൊഴിയിൽ പറഞ്ഞിട്ടുണ്ട്. ആയതിന്റെ ഡെസ്പാച്ച് രജിസ്റ്ററിന്റെ കോപ്പി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. 02.11.2021 ൽ എറണാകുളത്തു വച്ച് കമ്മീഷൻ നടത്തിയ ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് കമ്മീഷൻ അയച്ച ഹിയറിംഗ് നോട്ടീസ് കൈപ്പറ്റാതെ കമ്മീഷനിൽ തിരികെ ലഭിക്കുകയാണ് ചെയ്തത്. ടി സാഹചര്യത്തിൽ ഈ പരാതി ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ 11–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp